പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1447** **03.12.2018 ൽ മറുപടിയ്ക്ക്**

**കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് ഭൂമി വിതരണം**

**ചോദ്യം**

**ശ്രീ.എസ്.രാജേന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ദേവികുളം മണ്ഡലത്തിലെ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) 20/11/2008 ലെ സർക്കാർ ഉത്തരവ് (എം.എസ്)394/2008 പ്രകാരം കുറ്റിയാർ വാലിയിൽ പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നതും അതിനെ തുടർന്ന് 10 സെന്റ് വീതം പട്ടയം നൽകുന്നതിനായി 770 പേരെയും 5 സെന്റ് വീതം പട്ടയം നൽകുന്നതിനായി 2300 പേരെയും തിരഞ്ഞെടുത്തിരുന്നതും ഒന്നാം ഘട്ടത്തിൽ 695 പേർക്കും രണ്ടാം ഘട്ടത്തിൽ 1185 പേർക്കും പട്ടയം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും ഇനി അവശേഷിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) പട്ടയനടപടികൾ നടന്നുവരുന്ന അവസരത്തിൽ പട്ടയനടപടികളിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന പത്ര വാർത്തകളുടേയും ക്രൈംബ്രാഞ്ച് പോലീസിന്റേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഫീസ് ഫയലുകളും, തയ്യാറാക്കി വിതരണം ചെയ്ത പട്ടയ ഫയലുകളും ജില്ലാ കളക്ടർ ഏറ്റെടുത്തിരുന്നതും തുടർന്ന് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിലേക്ക് കൈമാറിയിരുന്നതും മൂന്നാർ സ്പെ. റവന്യൂ ഓഫീസ് മുഖാന്തിരം അന്വേഷണം നടന്നുവരുന്നതുമാണ്. ഇത്തരത്തിൽ അന്വേഷണം നടക്കുന്നതിനാൽ കുറ്റിയാർവാലിയിൽ പട്ടയം അനുവദിക്കപെട്ട നിരവധി ആളുകൾക്ക് പട്ടയസ്ഥലം കണ്ടെത്തി നൽകുന്നതിനും പോക്ക് വരവ് ചെയ്ത് കരമടച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കാത്തതാണ്. എന്നാൽ നാളത് അന്വേഷണത്തിൽ ടി ഭാഗത്ത് നിരവധി കയ്യേറ്റങ്ങൾ നടന്നു വരുന്നതായും ടി പട്ടയസ്ഥലങ്ങൾ അനധികൃതമായി വില്പന നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ദേവികുളം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| (സി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ? | (സി)മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസ് മുഖാന്തിരം നടന്നുവരുന്ന ടി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പട്ടയനടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ